പത്രപ്രവർത്തകേതര ക്ഷേമപെൻഷൻ പദ്ധതി - പെൻഷൻ ഫണ്ട് രൂപീകരണവും അംശദായ വർദ്ധനയും സംബന്ധിച്ച് ഐ&പിആർഡി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ വിവിധ പത്രപ്രവർത്തകേതര യൂണിയൻ പ്രതിനിധികളുമായി 28-07-2025 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം രാവിലെ 11.00 മണിയ്ക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ആദ്യമായി യോഗത്തിൽ പങ്കെടുത്തവരെ ഐ&പിആർഡി ഡയറക്ടർ സ്വാഗതം ചെയ്തു. വിവരപൊതുജനസമ്പർക്ക വകുപ്പ് മുഖാന്തിരം 2000ൽ തുടങ്ങിയ നോൺ-ജേർണലിസ്റ്റ് പെൻഷൻ പദ്ധതി നിലവിൽ വർദ്ധിച്ച് വരുന്ന പെൻഷണർമാരുടെ ബാഹുല്യവും, ഒപ്പം പെൻഷൻ കുടിശ്ശിക ആവശ്യപ്പെട്ടുകൊണ്ട് വർദ്ധിച്ച് വരുന്ന കോടതി കേസുകളാലും പദ്ധതിയുടെ നടത്തിപ്പിനെ സാരമായി ബാധിച്ച് തുടങ്ങിയിട്ടുണ്ടെന്നും; പെൻഷൻ ഫണ്ടിലേക്ക് അധിക ധനസമാഹരണ മാർഗങ്ങൾ കണ്ടെത്താതെ പെൻഷൻ പദ്ധതി സർക്കാരിന് തനിയെ തുടർന്ന് കൊണ്ടുപോകാൻ പ്രയാസകരമായി തീർന്നിരിക്കുകയാണെന്നും വിവരപൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർ ചർച്ചയുടെ ആമുഖമായി പറഞ്ഞു.

തുടർന്ന് വകുപ്പ് ഡയറക്ടർ നടപ്പ് സാമ്പത്തിക വർഷത്തെ (2025-26) ബജറ്റ് അലോക്കേഷൻ പ്രകാരം നോൺ ജേർണലിസ്റ്റ് പെൻഷൻ വിതരണത്തിനായി ബജറ്റ് വിഹിതമായി ലഭിച്ചിട്ടുള്ളത് 11.11 കോടി രൂപയാണെന്നും; ഇതിൽ 2025 ജൂലൈ മാസം വരെ ആകെ 4,96,50,002/- രൂപ പെൻഷൻ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ടെന്നും, അവശേഷിക്കുന്നത് 6,14,49,998 /- രൂപയാണെന്നും പറഞ്ഞു.

നിലവിൽ 1,25,57,688 /- രൂപ പ്രതിമാസം നോൺ ജേർണലിസ്റ്റ് പെൻഷൻ വിതരണത്തിനായി വേണ്ടി വരുന്നുണ്ട്. ഈ നിരക്കിൽ സാമ്പത്തിക വർഷം ജൂലൈ മുതൽ മാർച്ച് വരെ നൽകാൻ 11,25,84,942/- കോടി രൂപ ആവശ്യമായി വരും. നടപ്പ് സാമ്പത്തിക വർഷം (2025-26) 3,85,77,256/- രൂപ അധിക ധനം ലഭിച്ചാൽ മാത്രമേ നടപ്പ് സാമ്പത്തിക വർഷം പ്രതിമാസ പെൻഷൻ മുഴുവനായി കൊടുത്ത് തീർക്കാൻ സാധിക്കുകയുള്ളൂ എന്നും; ഇതിന് പുറമെ ഏകദേശം 10 കോടി രൂപയടുപ്പിച്ച് കുടിശ്ശിക ഇനത്തിൽ നല്കാനുമുണ്ടെന്ന് വകുപ്പ് ഡയറക്ടർ പറഞ്ഞു.

തുടർന്ന് ചർച്ചയിൽ പങ്കെടുത്ത കേരളാ ന്യൂസ്പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ ഭാരവാഹികളോട് നോൺ ജേർണലിസ്റ്റ് പെൻഷൻ ഫണ്ടിലേക്ക് അധിക ധനമാർഗ വഴികൾ തേടുന്നതിന്റെ മാർഗമായി അംഗങ്ങൾ നിലവിൽ അടയ്ക്കുന്ന മാസം തോറുമുള്ള അംശാദായ വിഹിതം കഴിഞ്ഞ ആറ് വർഷമായി കൂട്ടിയിട്ടില്ല എന്നും, അത് കാലോചിതമായി കൂട്ടുന്നതിനെ കുറിച്ച് വകുപ്പ് ഡയറക്ടർ അഭിപ്രായം ആരായുകയും ചെയ്തു.

ചർച്ചയിൽ പങ്കെടുത്ത കെ.എൻ.എഫ്.ഇ. ഭാരവാഹികൾ ഏകകണ്ഠമായി നിലവിലെ അംശദായ തുക വർദ്ധിപ്പിക്കുന്നതിനോട് വിയോജിപ്പ് പ്രകടിപ്പിച്ചു. മാധ്യമസ്ഥാപനങ്ങൾ നൽകുന്ന തുച്ഛമായ പ്രോവിഡന്റ് ഫണ്ട് പെൻഷൻ കൂടാതെ സർക്കാർ പെൻഷൻ പദ്ധതിയിലൂടെ ലഭിക്കുന്ന നിലവിലെ പെൻഷൻ തുകയായ 11,000/- രൂപ പലർക്കും ജീവിത ചിലവുകൾക്ക് തികയാറില്ല എന്നും; അതിൽ പലരുടെയും സ്ഥിതി ദയനീയമാണെന്നും അഭിപ്രായപ്പെട്ടു; പ്രത്യേകിച്ച് രോഗാധിപീഡകൾ കാരണം ബുദ്ധിമുട്ടുന്നവർ.

പെൻഷൻ ഫണ്ട് വിപുലീകരണവുമായി ബന്ധപ്പെട്ട് ചർച്ചയിൽ ഉയർന്ന് വന്നതും, സാധ്യവുമായ മറ്റ് ധനസമാഹരണ മാർഗ്ഗങ്ങൾ ചുവടെ പറയുന്നവയാണ്..

ശ്രീ വി. ബാലഗോപാലൻ, ജനറൽ സെക്രട്ടറി, എ. ഐ. എൻ. ഇ. എഫ് :

അംശദായ തുകയുടെ വർദ്ധനവ് നിലവിൽ നൽകി വരുന്ന പെൻഷൻ തുകയിൽ വർദ്ധനവ് വരുത്തിയതിന് ശേഷം ആനുപാതികമായി ഉയർത്തുന്നതാണ് അഭികാമ്യം എന്ന് കെ. യു. ഡബ്ല്യു. ജെ. ഭാരവാഹികൾ അഭിപ്രായപ്പെട്ടു.

ശ്രീ ജെയ്സൺ മാത്യു, ജനറൽ സെക്രട്ടറി, കെ.എൻ.ഇ.എഫ് :

നിലിവിൽ സർക്കാർ പരസ്യങ്ങൾക്ക് അച്ചടി, ദൃശ്യ മാധ്യമങ്ങൾ നൽകി വരുന്ന ഇളവോടുകൂടിയ പരസ്യനിരക്കിന്മേൽ നൽകി വരുന്ന 15% ഇളവ്, പെൻഷൻ ഫണ്ടിലേക്ക് വകയിരുത്താൻ നടപടി സ്വീകരിക്കുക.

ശ്രീ വി ആർ ജോൺസൻ, പ്രസിഡന്റ്, കെ.എൻ.ഇ.എഫ് :

അച്ചടി, ദൃശ്യ മാധ്യമങ്ങളിൽ വരുന്ന സ്വകാര്യ പരസ്യങ്ങൾക്ക് മേൽ 1% സെസ് ഏർപ്പെടുത്തുക.

വരും നാളുകളിൽ നോൺ-ജേർണലിസ്റ്റ് പെൻഷനർമാരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാവുമെന്ന് നിലവിലെ കണക്കുകളിൽ നിന്ന് മനസിലാക്കാവുന്നതാണെന്നും, ജേർണലിസ്റ്റ് പെൻഷൻ വിഭാഗത്തിനേക്കാൾ ഇരട്ടി ആളുകൾ നിലവിൽ നോൺ-ജേർണലിസ്റ്റ് പെൻഷൻ വാങ്ങുന്നുണ്ടെന്നും; ആയതിനാൽ പ്രായോഗികവും, സാധ്യവുമായ ധനസമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തി പെൻഷൻ പദ്ധതിയുടെ തുടർനടത്തിപ്പിനോട് സഹകരിക്കണമെന്ന് വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടു.

യോഗത്തിൽ പങ്കെടുത്തവർക്ക് വകുപ്പ് ഡയറക്ടർ നന്ദി പറഞ്ഞു.

യോഗം ഉച്ചയ്ക്ക് 12.15ന് അവസാനിച്ചു.

യോഗത്തിൽ പങ്കെടുത്തവർ

1. ശ്രീ.സന്തോഷ്.കെ.ജി, അഡീഷണൽ ഡയറക്ടർ (ജനറൽ & അഡ്മിനിസ്ട്രേഷൻ, ഐ&പിആർഡി).
2. ശ്രീ.ജയകുമാർ. എസ്, ഡെപ്യൂട്ടി ഡയറക്ടർ (പെൻഷൻ), ഐ&പിആർഡി.
3. ശ്രീ.വി.ബാലഗോപാലൻ, ജനറൽ സെക്രട്ടറി, എ.ഐ. എൻ.ഇ.എഫ്.
4. ശ്രീ.ജെയ്സൺ മാത്യു, ജനറൽ സെക്രട്ടറി, കെ.എൻ.ഇ.എഫ്.
5. ശ്രീ.വി.എസ്. ജോൺസൻ, പ്രസിഡന്റ്, കെ.എൻ.ഇ.എഫ്.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ